(ജി) നിയമനത്തിന് ശുപാർശ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതും ക്രമക്കേട് നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

കണ്ണൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത എസ്. സി./എസ്. റ്റി. വിഭാഗങ്ങൾ

100 [3109] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ള എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര ടൗൺ എക്സ്ചേഞ്ചുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും രജിസ്റ്റർ ചെയ്ത എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാനും മൽസര പരീക്ഷകൾക്കും ഉള്ള കോച്ചിംഗ് ക്ളാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള കണക്കനുസരിച്ച് 16585 എസ്.സി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും 1121 എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുപുറമേ തലശ്ശേരി, തളിപ്പറമ്പ്, മട്ടന്നൂർ എന്നിവിടങ്ങളിൽ മൂന്ന് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾകൂടി നിലവിലുണ്ട്.

(സി) വിവരം ചുവടെ ചേർക്കുന്നു:

	എസ്.സി.	എസ്.റ്റി.
തലശ്ശേരി	1937	596
തളിപ്പറമ്പ്	4986	53
മട്ടന്നൂർ	1470	457

മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

101 [3110] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത എത്ര ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ മൂന്നു വർഷത്തിനകം ജോലി നൽകിയിട്ടുണ്ട്;

(സി) എത്ര വർഷം സീനിയോറിറ്റി ഉള്ളവരെയാണ് ഈ എക്സ്ചേഞ്ചിൽ തൊഴിലിനായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ 24325 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനകം 188 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് എത്രയും വേഗം നൽകുന്നതാണ്.

ലേബർ വെൽഫയർ ഓഫീസർമാരില്ലാത്ത പ്ലാന്റേഷനുകൾ

102 [3111] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

,, കെ. സി. വേണുഗോപാൽ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിധത്തിലുള്ള പ്ലാന്റേഷനുകളിലാണ് ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കേണ്ടതായിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പ്ലാന്റേഷനുകളിലെല്ലാം ലേബർ വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കാത്ത പ്ലാന്റേഷനുകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിലെ വകുപ്പ് 18 അനുസരിച്ച് മുന്നൂറ് തൊഴിലാളികളിൽ കൂടുതലുള്ള പ്ലാന്റേഷനുകളിൽ ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കേണ്ടതായിട്ടുണ്ട്.

(ബി) ഇല്ല.

(സി) തോട്ടങ്ങളുടെ പരിശോധനാ വേളകളിൽ. ലേബർ വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെടുന്ന അവസരങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനാകുറിപ്പിൽ അത് രേഖപ്പെടുത്താറുണ്ട്. എന്നാൽ അതിൻമേൽ മേൽനടപടി സ്വീകരിക്കേണ്ടത് തോട്ടം ഉടമകളാണ്. യോഗ്യമായ എസ്റ്റേറ്റുകളിൽ വെൽഫയർ ഓഫീസർമാരെ നിയമിക്കാൻ നിഷ്ക്കർഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly